LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലയിൽ സംവരണം

39 (2855) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിൽ സംവരണമാകാമെന്നതരത്തിൽ കേന്ദ്രസർക്കാരിന്റെയോ സുപ്രീംകോടതിയുടെയോ എന്തെങ്കിലും വിധിയോ പരാമർശമോ നിലവിലുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കോടതിയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

സെക്രട്ടേറിയറ്റിന് മുമ്പിലെ സമരങ്ങൾ

40 (2856) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപാർട്ടികൾക്ക് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തുമുള്ള സമരങ്ങൾ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇക്കാര്യം സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായ സമന്വയം ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27-1-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ഇതുസംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾക്ക് നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ല. ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുടർയോഗങ്ങൾകൂടി തീരുമാനങ്ങളെടുക്കുന്നതാണ് എന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

ടൈപ്പിസ്റ്റുമാരുടെ ശമ്പള സ്കെയിൽ ഏകീകരണം

41 (2857) ശ്രീ. പി. ഉബൈദുള്ള :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും സർവ്വകലാശാലകളിലും ജോലി ചെയ്യുന്ന ടൈപ്പിസ്റ്റുമാർക്ക് ഒരേ യോഗ്യതയും വ്യത്യസ്ത നിരക്കിലുള്ള ശമ്പളവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടൈപ്പിസ്റ്റുമാരുടെ ശമ്പളസ്കെയിൽ ഏകീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി പുനർ നാമകരണം ചെയ്യുമോ ;

(ഡി) ടൈപ്പിസ്റ്റ് തസ്തികയിലെ പ്രൊമോഷൻ പോസ്റ്റായ ഫെയർകോപ്പി സൂപ്രണ്ട് ഗസറ്റഡായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ടൈപ്പിസ്റ്റ് തസ്തിക സാങ്കേതിക തസ്തികയാക്കി (Technical Post) മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും സർവ്വകലാശാലകളിലും ജോലിചെയ്യുന്ന ടൈപ്പിസ്റ്റുമാർക്ക് വ്യത്യസ്ത യോഗ്യതയും വ്യത്യസ്ത ശമ്പളസ്കെയിലുകളുമാണ് നിലനിൽക്കുന്നത്.